നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.4/2061/
2016
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,തിരുവനന്തപുരം,
തീയതി: 01.12.2016.
Phone No: 0471-2331231
Email: lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെയും 3-ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉ.പ.സഹിതം),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്,

4) സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.4/2061/2016

തിയതി: 01.12.2016

തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 -ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 04.11.2016 വരെയുള്ള പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.ജമാലുദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 05-11-2016 മുതൽ 11-11-16വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : (1) ശ്രീമതി.ലതകുമാരി.എം, ഓഡിറ്റ് ഓഫീസർ

(2) ശ്രീ.അജികുമാരൻ.സി, സീ. ഗ്രേ. ഓഡിറ്റർ

(3) ശ്രീമതി.ജയലക്ഷ്മി.ബി.കെ, സീ.ഗ്രേ.ഓഡിറ്റർ

(4) ശ്രീ.ശിവനാഥൻ.എ, ഓഡിറ്റർ

(5) ശ്രീ.രാജു.എസ്, ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : (1)ശ്രീമതി.സുജാത.എം, 01-04-2015മുതൽ 30-10-2015 വരെ

ഭരണ നിർവ്വഹണ കമ്മിറ്റി (01.11.15 മുതൽ 18.11.15 വരെ)

: (2) ശ്രീ.കെ.രവി, 19-11-2015മുതൽ 31-03-2016വരെ

സെക്രട്ടറി : ശ്രീ.എഫ്.ക്രിസ്തുദാസൻ, 01-04-2015 മുതൽ 30-05-2015 വരെ

ശ്രീ.അനൂപ് മോഹൻ, 01-06-2015 മുതൽ 23-07-2015 വരെ

ശ്രീ.സി.സുഗതൻ, 24-07-2015 മുതൽ 31-03-2016 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| | | |
| സെക്രട്ടറി | ശ്രീ.എഫ്.ക്രസ്തുദാസൻ | 01-04-2015 മുതൽ 30-05-2015 വരെ |
| ജെ.എസ്.(സെക്രട്ടറി യുടെ അധിക ചുമതല) | ശ്രീ.അനൂപ് മോഹൻ | 01-06-2015 മുതൽ 23-07-2015 വരെ |
| സെക്രട്ടറി | ശ്രീ.സി.സുഗതൻ | 24-07-2015 മുതൽ 31-03-2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ഷീജാമോൾ | 01-04-2015 മുതൽ 31-03-2016 വരെ |
| മെഡി.ആഫീസർ, പി.എച്ച്.സി. | ഡോ.ആശ എസ്.രാജൻ | 01-04-2015 മുതൽ 31-03-2016 വരെ |
| മെഡി.ആഫീസർ, ആയുർവേദം | ഡോ.ജയൻ.റ്റി.എസ് | 01-04-2015 മുതൽ 31-03-2016 വരെ |
| മെഡി.ആഫീസർ, ഹോമിയോ | ഡോ.എ.റ്റി.വിശ്വകുമാർ | 01-04-2015 മുതൽ 31-03-2016 വരെ |

| | | |
|---|---|---|
| സീനിയർ വെറ്ററിനറി സർജൻ | ഡോ.ബി.ഈശ്വരപിള്ള | 01-04-2015 മുതൽ 31-03-2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഇന്ദു ജോർജ്ജ് | 01-04-2015 മുതൽ 31-03-2016 വരെ |
| വി.ഇ.ഒ.(1) | ശ്രീമതി.സെലീന | 01-04-2015 മുതൽ 31-03-2016 വരെ |
| വി.ഇ.ഒ.(2) | ശ്രീമതി.ദീപ | 01-04-2015 മുതൽ 31-03-2016 വരെ |
| എച്ച്.എം | ശ്രീമതി.വിജയ ക്രിസ്റ്റബൽ | 01-04-2015 മുതൽ 31-03-2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ലത | 01-04-2015 മുതൽ 31-03-2016 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| 01 | ബജറ്റ് | 1-1 | |
| 02 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 03 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 04 | സാമ്പത്തിക വിശകലനം | 1-4 | |
| 05 | ഫണ്ട് വിനിയോഗം | 1-5 | |
| 06 | പദ്ധതി അവലോകനം. | 1-6 | |
| 07 | തനത് വരുമാനം. | 1-7 | |
| 08 | ക്ഷേമപദ്ധതികൾ | 1-8 | |
| 09 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | വസ്തുനികുതി - കുടിശ്ശിക377732/-രൂപ | 2-1 | |
| 13 | പബ്ളിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവിനുള്ള ലേലം - കുടിശ്ശിക 84000/-രൂപ | 2-2 | |

| | | | |
|---|---|---|---|
| 14 | ഷോപ്പിംഗ് കോംപ്ളക്സ് വാടക – കുടിശ്ശിക 36229/- രൂപ | 2-3 | |
| 15 | ഡി & ഒ. ലൈസൻസ്- ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല | 2-4 | |
| 16 | പെട്രോൾ പമ്പിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല. | 2-5 | |
| 17 | സ്ഥാപന നികുതി ഈടാക്കിയതിൽ കുറവ് | 2-6 | |
| 18 | കോൺട്രാക്ടർമാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-7 | |
| | ഭാഗം 3 | | |
| 19 | സെർവർ റൂം എയർകണ്ടിഷനിംഗ് അധിക തുക നൽകി - 16,434/- രൂപയുടെ ചെലവ് നിരാകരിക്കുന്നു | 3-1 | |
| 20 | ശതാബ്ദിയെത്തിയ യു.പി സ്കൂളിന്റെ നില ശോചനീയം- ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു | 3-2 | |
| 21 | പ്രവൃത്തി പൂർത്തിയാക്കാൻ സമയം ദീർഘിപ്പിച്ച നൽകിയ നടപടിക്ക് സാധൂകരണം ലഭ്യമാക്കേണ്ടതാണ് | 3-3 | |
| 22 | അംഗീകാരം ലഭിച്ചതിനനുസൃതമായി പദ്ധതി നടപ്പിലാക്കിയില്ല | 3-4 | |
| 23 | ഓട്ടോറിക്ഷ വാങ്ങാൻ സബ്സിഡി- രേഖകളുടെ അഭാവത്തിൽ 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-5 | |
| 24 | അംഗനവാടി കുട്ടികൾക്ക് ടി.എച്ച്.ആർ.മിശ്രിതം (ന്യൂട്രിമിക്സ്)- ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല | 3-6 | |

| | | | |
|---|---|---|---|
| | | | |
| 25 | വാടകക്കെട്ടിടങ്ങളിലെ അംഗനവാടികൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തേണ്ടതാണ് | 3-7 | |
| 26 | മാവിള അംഗനവാടിയുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-8 | |
| 27 | അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ | 3-9 | |
| 28 | പി.എച്ച്.സി-ക്ക് മരുന്ന് വാങ്ങൽ 16,936/-രൂപ തടസ്സപ്പെടുത്തുന്നു | 3-10 | |
| 29 | ഉദ്പാദന മേഖലയിൽ പദ്ധതികൾ കുറവ് | 3-11 | |
| 30 | വാട്ടർ ചാർജ്ജ് - പഞ്ചായത്തിന്റേയും ജലഅതോറിറ്റിയുടേയും കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 3-12 | |
| 31 | കാഞ്ഞിരംകുളം ഗവ. മർമ്മാശുപത്രി പ്രവർത്തനം ശ്ലാഘനീയം | 3-13 | |
| 32 | ഗ്രാമകേന്ദ്രം- അടിസ്ഥാന സൗകര്യങ്ങൾ ഇല്ല | 3-14 | |
| | ഭാഗം 4 | | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |

| | | | |
|---|---|---|---|
| 36 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 38 | ഓഡിറ്റ് റിക്കവറി | 4-6 | |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 42 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4-10 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 27-03-2015ലെ 02നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 123535225/-രൂപ വരവും 116605750/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്.എന്നാൽ യഥാർത്ഥ വരവ് 53279016 രൂപയും ചെലവ് 49229757/- രൂപയുമാണ്.

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ യഥാർഥ വരവു ചെലവുകളേക്കാൾ വളരെ കൂടുതലാണ്. ഭാവിയിൽ യാഥാർഥ്യ ബോധത്തോടുകൂടി ബജറ്റ് തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 30.06.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 05-11-2016 | സർട്ടിഫിക്കറ്റ് അനുബന്ധമായി |

| | | |
|---|---|---|
| | | ചേർത്തിട്ടുണ്ട്. |

# 1-4 സാമ്പത്തിക വിശകലനം

2015-16-ലെ വാർഷിക ധനകാര്യപത്രികയിൽ മെയിന്റനൻസ് ഗ്രാന്റ് (റോഡ്), മെയിന്റനൻസ് ഗ്രാന്റ്(നോൺ-റോഡ്), എം.എൻ.ആർ.ഇ.ജി.എസ് (EFMS ഉൾപ്പെടെ) എന്നീ ഫണ്ടിനങ്ങളുടെ വരവ് തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള സാമ്പത്തികവിശകലനം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ് - 17190959

വരവ് - 36088057

ആകെ - 53279016

ചെലവ് - 49229757

നീക്കിയിരിപ്പ് - 4049259

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ വരവ് | ആകെ ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2189051 | 7437219 | (+)688705 | 10314975 | 10314975 | 0 |
| വികസനഫണ്ട് എസ്.സി.പി. | 1013744 | 2639951 | (-)113475 | 3540220 | 3540220 | 0 |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - | - |
| 13-ാം ധന കാര്യ കമ്മീ ഷൻ ഗ്രാന്റ് | 796845 | 3224258 | (-)167230 | 3853873 | 3853873 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2432000 | 408000 | (-)408000 | 2432000 | 2432000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ജനറൽപർപ്പസ് | 1694415 | 5574166 | - | 7268581 | 5224347 | 2044234 |
| ബി.ഫണ്ട് | | 20478520 | - | 20478520 | 20478520 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 127 | 40882717 | 120 | 38391453 | 5 | 2 | 95 |

അംഗീകാരം ലഭിക്കുന്ന എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം ശതമാനം വർദ്ധനവ് മാത്രമാണ് ഉണ്ടായിട്ടുള്ളത്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| *നികുതി വരവുകൾ* | | | | |
| വിനോദ നികുതി | - | - | - | - |
| തൊഴിൽ നികുതി | 1376108 | 1423210 | 47102 | (+)3% |
| കെട്ടിട നികുതി | 2202120 | 1443914 | (-)758206 | (-)34% |
| പരസ്യ നികുതി | - | - | - | - |
| *നികുതിയേതര വരവുകൾ* | | | | |

| | | | | |
|---|---|---|---|---|
| ഷോപ്പിംഗ് കോംപ്ലക്സ് | 153153 | 159411 | 3258 | (+)2% |
| ലേലം | 641000 | 792000 | 151000 | (+)24% |
| ഡി.ആന്റ്.ഓ.ലൈസൻസ് | 126320 | 122525 | -3795 | (-)3% |
| മറ്റു വരവുകൾ | 780638 | 642712 | -137926 | (+)18% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 708480 | 425 |
| കർഷകതൊഴിലാളി പെൻഷൻ | 6113100 | 862 |
| വിധവാപെൻഷൻ | 4272640 | 542 |
| വാർദ്ധക്യകാലപെൻഷൻ | 6076830 | 956 |
| വികലാംഗപെൻഷൻ | 2827570 | 317 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 6 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 302400 | 34 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)- വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-11-2016ന് രാവിലെ 11.30 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തി.പരിശോധനയിൽ 720/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ഫ്രൺണ്ട് ഓഫീസ് നന്നായി പ്രവർത്തിക്കുന്നുണ്ട്. പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ ഉത്പാദനമേഖലയ്ക്ക് വേണ്ടത്ര പ്രാമുഖ്യം നൽകുന്നതായി കാണുന്നില്ല. ഫർണ്ണിച്ചർ പോലുള്ള സാധനങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതികൾക്കാണ് കൂടുതൽ പ്രാധാന്യം നൽകുന്നത്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09-11-2016 | 10/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30-04-2013മുതൽ 15-05-2013 വരെ | 2008-2009 മുതൽ 2012-2013 വരെ | 19-06-2013 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി - കുടിശ്ശിക377732/-രൂപ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203പ്രകാരം ഗ്രാമപഞ്ചാ യത്ത് നിർണ്ണയിക്കുന്ന വസ്തുനികുതി തുടർന്നുള്ള വർഷങ്ങളിൽ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുന്നില്ല. വസ്തുനികുതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ ഡി.സി.ബി.പത്രിക പ്രകാരം 2015-16 സാമ്പത്തിക വർഷം അരിയറും കറന്റും ഉൾപ്പെടെ 529923/-രൂപവസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് കുടിശ്ശികയായി കിട്ടാനുണ്ട്. എന്നാൽ 2015-16സാമ്പത്തിക വർഷത്തെ വാർഷിക ധനക്രാര്യ പത്രിക പ്രകാരം അരിയറും കറന്റും ഉൾപ്പെടെയുള്ള ആകെ കുടിശ്ശിക 556910/-രൂപയാണ്. വാർഷിക ധനകാര്യ പത്രികയിലെ കുടിശ്ശികയും ഡി.സി.ബി.പത്രികയിലെ കുടിശ്ശികയും തമ്മിൽ ആകെ 26987/-രൂപയുടെ വ്യത്യാസമാണുള്ളത്. ഡി.സി.ബി. പത്രികയിലെ ആകെ കുടിശ്ശികയേക്കാൾ 26987/-രൂപ വാർഷിക ധനകാര്യ പത്രികയിൽ കൂടുതലായി കാണിച്ചിരിക്കുന്നു. പ്രസ്തുത അപാകത പരിഹരിച്ച് അരിയറും കറന്റും ഉൾപ്പെടെ പഞ്ചായത്തിന് കിട്ടേണ്ട കൃത്യമായ വസ്തുനികുതി നിർണയിച്ച് കുടിശ്ശികയില്ലാതെ പിരിച്ചെടുത്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 243പ്രകാരം പ്രസ്തുത തുക 3 വർഷത്തിനുള്ളിൽ ഗ്രാമപഞ്ചായത്ത് പിരിച്ചെടുക്കാതിരുന്നാൽ ഗ്രാമപഞ്ചായത്തിന് ടി തുക നഷ്ടപ്പെടുന്നതാണ്.

## 2-2. പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവിനുള്ള ലേലം - കുടിശ്ശിക 84000/-രൂപ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കാഞ്ഞിരംകുളം പബ്ളിക് മാർക്കറ്റിന്റെ 2015-16 സാമ്പത്തികവർഷത്തെ ഗേറ്റ് ഫീസ് പിരിക്കുവാനുള്ള അവകാശം 16-02-2015 തിയതിയിൽ പഞ്ചായത്ത് ഹാളിൽ വെച്ച് നടന്ന ലേലപ്രകാരം 876000/-രൂപക്ക് ശ്രീ.സുരേഷ് കുമാർ, അയണിമൂട് വിളാകത്ത് വീട്, മാറനല്ലൂർ, കുവളശ്ശേരിയ്ക്ക് നൽകി. എന്നാൽ ശ്രീ.സുരേഷ് മാർക്കറ്റ് ലേലം കൊണ്ട 876000/- രൂപയിൽആകെ 792000/- രൂപ മാത്രമാണ് നാളിതുവരെയായി ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളത്. ശ്രീ. സുരേഷ് ഗ്രാമപഞ്ചായത്തുമായി കരാർ ചമയ്ക്കുവാൻ ഹാജരാക്കിയ മുദ്രപത്രം യാതൊരു വിവരങ്ങളും ഉൾപ്പെടുത്താതെ ഫയലിൽ സൂക്ഷിച്ചിരിക്കുകയാണ്. പ്രസ്തുത വിഷയത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 20-11-2016-ലെ 10/16നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പലിശയുൾപ്പെടെ കുടിശ്ശിക തുക ഈടാക്കുവാൻ ശ്രീ.സുരേഷിന്റെ പേരിൽ റവന്യൂ റിക്കവറി നടപടികൾ (No.RR./2016/8707/1 തിയതി.23-05-2016) ആരംഭിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഫലപ്രദമായ നടപടികളിലൂടെ കുടിശ്ശിക തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 2-3. ഷോപ്പിംഗ് കോംപ്ലക്സ് വാടക - കുടിശ്ശിക 36229/- രൂപ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ നിലവിൽ 20 കടമുറികളാണുള്ളത്. 2015-16സാമ്പത്തിക വർഷം ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ ഗ്രാമപഞ്ചായത്തിന് 36229/- രൂപ കുടിശ്ശികയായി കിട്ടാനുണ്ട്. വാടകയിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ളവരെ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| ക്രമ നം. | വാടകക്കാരന്റെ വിലാസവും കടമുറി നമ്പരും | പ്രതിമാസ വാടക | കുടിശ്ശിക |
|---|---|---|---|
| 1 | വിജയൻ.കെ, പെരുന്താന്നി വടക്കരിവ് പുത്തൻ വീട്, കാഞ്ഞിരംകുളം - കടമുറി നം. 2 (എ) | 880 | 9x880=7920 |
| 2 | ആർ.മോഹനൻ, സന്തോഷ് ഭവൻ,<br>കാക്കനംകാന, കാഞ്ഞിരംകുളം - കടമുറി നം. 3 | 915 | 9x915=8235 |
| 3 | ആർ.മോഹനൻ, കുഴിവിള ഒലിപ്പിൻകര<br>പുത്തൻ വീട്, കാഞ്ഞിരംകുളം - കടമുറി നം. 6 | 1200 | 6x1200=7200 |
| 4 | സന്തോഷ് കുമാർ.ജി, കാവുവിള കോളനി,<br>കാഞ്ഞിരംകുളം | 525 | 2x525=1050 |

| | | | |
|---|---|---|---|
| 5 | പരമേശ്വരൻ, നാലുകെട്ട്, ചന്ദ്രവിലാസം,<br>കാഞ്ഞിരംകുലം, കടമുറി നം. 13 | 275 | 3x275=825 |
| 6 | ആനന്ദകുമാർ, ആനന്ദ ഭവൻ,<br>കാഞ്ഞിരംകുളം, കടമുറി നം. 18 | 775 | 7x775=5425 |
| 7 | അൻസാനന്ദ്, ആനന്ദ് ഭവൻ,<br>കാഞ്ഞിരംകുളം, കടമുറി നം. 19 | 765 | 7x765=5355 |
| 8 | എം. ഗോപാലൻ, പായപ്ലാവിള വീട്,<br>കാഞ്ഞിരംകുളം, കടമുറി നം. 20 | 219 | 1x219=219 |
| | ആകെ | | 36229/- |

2015-16 സാമ്പത്തിക വർഷം ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക 57579/-രൂപയിൽ 21350/-രൂപ 2016-17 സാമ്പത്തിക വർത്തിൽ കുടിശ്ശികയായി പിരിച്ചെടുത്തിട്ടുണ്ട്. കുടിശ്ശികയിനത്തിൽ അവശേഷിക്കുന്ന മേൽപറഞ്ഞ 36229/-രൂപ 18% പലിശയുൾപ്പെടെ വാടകക്കാരിൽ നിന്നീടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 21-11-2016 ലെ 11/16 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഈടാക്കുവാൻ അവശേഷിക്കുന്ന 36229/-രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 2-4 ഡി & ഒ.ലൈസൻസ് - ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല.

1998-ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണ രൂപതിതിൽ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ലൈസൻസിനായി സ്ഥാപനങ്ങൾ നൽകുന്ന അപേക്ഷകളെ അടിസ്ഥാനപ്പെടുത്തിയാണ് ഡി.&ഒ. രജിസ്റ്റർ തയ്യാറിക്കിയിരിക്കുന്നത്. ഡി & ഒ. രജിസ്റ്ററിൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും വിവരം രേഖപ്പെടുത്തി സൂക്ഷിക്കാത്ത തിനാൽ പഞ്ചായത്തിന് നികുതി ചോർച്ച ഉണ്ടാകുന്നതായി കാണുന്നു.

## 2-5 പെട്രോൾ പമ്പിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന ലക്ഷ്മി പെട്രോൾ പമ്പിൽ നിന്നും 2015-16 സാമ്പത്തിക വർഷം രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് മൂലമുണ്ടായ നഷ്ടം 2500/-രൂപയാണ്. ആയതിനാൽ ടി സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയിനത്തിൽ 2500/-രൂപ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 സ്ഥാപന നികുതി ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്ത് 2015-16-ൽ ഡി & ഒ ലൈസൻസുകൾക്കനുവദിച്ച രജിസ്റ്റർ പരിശോധിച്ചതിൽ B2-09/15-16, B2-10/15-16, B2-11/15-16 എന്നീ 3 ലൈസൻസുകൾ പ്രകാരം ശ്രീ.വിൻസെന്റ് എന്ന വ്യക്തിയ്ക്ക് കമ്പി, സിമന്റ്, ഷീറ്റ് എന്നിവയുടെ മൊത്തവിതരണത്തിനുള്ള ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ ടി 3 സ്ഥാപനങ്ങളിൽ നിന്നും ആകെ വാർഷിക വിറ്റുവരവ് അടിസ്ഥാനത്തിൽ 720/-രൂപ മാത്രമേ സ്ഥാപന തൊഴിൽ നികുതിയായി ഈടാക്കിയിട്ടുള്ളൂ. എന്നാൽ ടിയാനിൽ നിന്നും രണ്ട് അർദ്ധ വർഷവും കൂടെ മേൽ സൂചിപ്പിച്ച 720/--രൂപ മാത്രം ഈടാക്കിയതിന്റെ ഫലമായി തൻവർഷം ഉണ്ടായ നഷ്ടം 1780/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-7 കോൺട്രാക്ടർമാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ടെണ്ടർ രജിസ്റ്റർ പ്രകാരം 6 കോൺട്രാക്ടർമാർ പഞ്ചായത്തിന്റെ പൊതുമരാമത്ത് ജോലികളുടെ ലേലത്തിൽ പങ്കെടുത്തിട്ടുണ്ട്. ടി വ്യക്തികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി രേഖയില്ല. ഓഡിറ്റ് എൻക്വയറി 9-ന് നൽകിയ മറുപടിയിൽ 3 കോൺട്രാക്ടർമാർക്ക് തൊഴിൽ നികുതി അടയ്ക്കാൻ നോട്ടീസ് നൽകിയിട്ടുള്ളതായും ബാക്കി 3 പേർ പഞ്ചായത്തിന്റെ മരാമത്തു പണികളിൽ സഹകരിച്ചിട്ടില്ലായെന്നും അറിയിച്ചിരിക്കുന്നു. ഭാവിയിലും കോൺട്രാക്ടർമാരിൽ നിന്ന് തൊഴിൽ നികുതി യഥാസമയം ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സെർവർ റൂം എയർകണ്ടിഷനിംഗ് അധിക തുക നൽകി- 16,434/- രൂപയുടെ ചെലവ് നിരാകരിക്കുന്നു

പ്രോജക്റ്റ് നം. : 128/2016

പ്രോജക്റ്റിന്റെ പേര് : സെർവർ റൂം എയർകണ്ടിഷനിംഗ്

തുക : 1,00,000 രൂപ

ഫണ്ട് : മെയിന്റനൻസ് ഫണ്ട് റോഡിതരം

സാങ്കേതികാനുമതി നം. : 09/EE/LSGD/Electrical/15-16 dated20/05/15

അളവ് പുസ്തകം നം. : 09/15-16

ഡി.ഡി.നം. : 801663 dated30/11/2015 Rs.88632/-

സെർവർ റൂം എയർകണ്ടിഷനിംഗ് എന്ന പ്രോജക്റ്റിന്റെ എസ്റ്റിമേറ്റിൽ 1.5Tr single phase Inverter type split AC unit സ്ഥാപിക്കുന്നതിന് (supply, conveyance, installation & commissioning) 50,997/-രൂപ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. Toshiba/Daikin/Trane ഇവയിലേതെങ്കിലും ബ്രാന്റിലുള്ള എയർകണ്ടിഷണർ സ്ഥാപിക്കുന്നതിനുള്ള തുകയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിന്നത്. എന്നാൽ ഗുണഭോക്തൃസമിതി മുഖേന ചെയ്ത പ്രവൃത്തിയിൽ Voltas ബ്രാന്റിലുള്ള എയർകണ്ടിഷണർ ആണ് സ്ഥാപിച്ചത്. ഗുണഭോക്തൃസമിതി ഹാജരാക്കിയിരിക്കുന്ന ബില്ല് പ്രകാരം എയർകണ്ടിഷണറിന്റെ വില 33,063/- രൂപയാണ് (Invoice No.12161 dated 01/12/2015 M/s Kannan Electricals Kanjiramkulam). ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് യഥാർഥത്തിൽ ചെലവാകുന്ന തുകയോ എസ്റ്റിമേറ്റ് തുകയോ ഏതാണോ കുറവ് അതാണ് അനുവദിച്ച്

നൽകേണ്ടത്. ഇതനുസരിച്ച് എയർകണ്ടിഷണർ അനുവദിച്ച് നൽകാവുന്ന തുക ചുവടെ ചേർക്കുന്നു.

എയർകണ്ടിഷണറിന്റെ വില : 33,063/- രൂപ

DGS&D Rate പ്രകാരം installation-ന് അനുവദിക്കാവുന്ന തുക : 1,500/-രൂപ

(Rate contract No.SAC-WM/ME-3/RC-11050000/0516/03/OA606/1618 dated12/08/2015)

ആകെ അനുവദിക്കാവുന്ന തുക : 34,563/-രൂപ

അധികമായി അനുവദിച്ച തുക (50,997 - 34,563) : 16,434/-രൂപ

അധികമായി അനുവദിച്ച നൽകിയ 16,434/-രൂപ (പതിനാറായിരത്തി നാന്നൂറ്റി മുപ്പത്തിനാലു രൂപ മാത്രം) അളവ് രേഖപ്പെടുത്തിയ കൺസൾട്ടന്റ് ഇലക്ട്രിക്കൽ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും അളവുകൾ ചെക്ക് മെഷർ ചെയ്ത കൺസൾട്ടന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ(ഇലക്ട്രിക്കൽ) നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 ശതാബ്ദിയെത്തിയ യു.പി സ്കൂളിന്റെ നില ശോചനീയം- ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിൽ സ്ഥിതി ചെയ്യുന്ന നെല്ലിക്കാക്കുഴി അപ്പർ പ്രൈമറി സ്കൂൾ 1918ൽ സ്ഥാപിതമായതാണ്. പ്രീപ്രൈമറി വിഭാഗം മുതൽ ഏഴാം ക്ലാസ്സ് വരെയുള്ള മലയാളം മീഡിയം സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ ശോചനീയമാണ്. യു.പി വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടം വിഷൻ 2010 ന്റെ ഭാഗമായി നിർമ്മിച്ചതാണ്. എന്നാൽ എൽ.പി വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടം വളരെ പഴക്കമുള്ളതും മേൽക്കൂര മേഞ്ഞിരിക്കുന്ന GI sheet ദ്രവിച്ച് ചോർന്നൊലി ക്കുന്നതുമാണ്. എൽ.പി, യു.പി വിഭാഗങ്ങളിലായി 83 കുട്ടികൾ ഉള്ളതിൽ 57 കുട്ടികളും യു.പി വിഭാഗത്തിലാണ്. യു.പി വിഭാഗത്തിന് മെച്ചപ്പെട്ടതും സുരക്ഷിതവും ആയ ക്ലാസ്സുമുറികൾ ഉള്ളതിനാലാകാം കൂടുതൽ കുട്ടികൾ പ്രവേശനം നേടിയിരിക്കുന്നത്. എൽ.പി ക്ലാസ്സുകൾ അതിശോചനീയമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിലായി 26 കുട്ടികൾ മാത്രമാണുള്ളത്. ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത പൊതു വിദ്യാലയങ്ങളിൽ കുട്ടികളെ പ്രവേശിപ്പിക്കുന്ന തിൽ നിന്ന് രക്ഷകർത്താക്കളെ പിൻതിരിപ്പിക്കും.

രണ്ട് യുപിസ്കൂളുകളും രണ്ട് എൽപി സ്കൂളുകളും പഞ്ചായത്തിലുണ്ട്. 2016-17-ൽ നടപ്പിലാക്കിയ73 പൊതുമരാമത്ത് പ്രവർത്തികളിൽ ഒരു പ്രോജക്ട് മാത്രമാണ് സ്കൂളിന്റെ മെയിന്റനൻസിനായി നടപ്പിലാക്കിയിട്ടുള്ളത്. ഇതിൽ നിന്ന് സ്കൂളുകളുടെ മെയിന്റനൻസിന് വേണ്ടത്ര പരിഗണന നൽകുന്നില്ല എന്ന് വ്യക്തമാകുന്നു.

ശതാബ്ദിയോടടുത്തു നിൽക്കുന്ന നെല്ലിക്കാക്കുഴി അപ്പർ പ്രൈമറി സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 പ്രവൃത്തി പൂർത്തിയാക്കാൻ സമയം ദീർഘിപ്പിച്ചു നൽകിയ നടപടിക്ക് സാധൂകരണം ലഭ്യമാക്കേണ്ടതാണ്

55 ലക്ഷം രൂപ അടങ്കൽ തുകയ്ക്ക് എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കി നടപ്പിലാക്കിയ പദ്ധതിയാണ് കുഞ്ഞുകൃഷ്ണൻ നാടാർ മെമ്മോറിയൽ ഗവ. സ്പോട്സ് ആയുർവേദ ആശുപത്രി ഗ്രൗണ്ട്ഫ്ലോർ മെയിന്റനൻസും ഫസ്റ്റ് ഫ്ലോർ നിർമ്മാണവും. ഭാരതീയ ചികിൽസാ സമ്പ്രദായ വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിയ പ്രോജക്ട് ടെന്റർ നടപടികളിലൂടെ കോൺട്രാക്ട് നൽകിയാണ് നിർവഹണം നടത്തിയത്. ആദ്യ കരാർ പ്രകാരം ആറ് മാസം കൊണ്ട് പൂർത്തിയാക്കേണ്ടിയിരുന്ന പ്രവൃത്തിക്ക് ന്യായീകരിക്കത്തക്ക കാരണങ്ങൾ ഉണ്ടായിരുന്നതിനാൽ രണ്ട് മാസം കൂടെ പിഴകൂടാതെ കാലാവധി ദീർഘിപ്പിച്ചു നല്കിക്കൊണ്ട് അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനുമായി ഉടമ്പടി ഒപ്പുവച്ചു. കാലാവധി ദീർഘിപ്പിച്ചു നല്കിയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭ്യമാക്കിയ മറുപടി ബന്ധപ്പെട്ട ഫയലിലെ വിവരങ്ങളുമായി ഒത്തു നോക്കിയതിന്റെ അടിസ്ഥാനത്തിൽ കാലാവധി ദീർഘിപ്പിച്ചത്

ന്യായീകരിക്കത്തക്കതാണ്. എന്നാൽ കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് നൽകേണ്ടിയിരുന്നത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയിരുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ തന്റെ അറിവില്ലായ്മ കാരണമാണ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് ഉത്തരവ് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാതിരുന്നതെന്നും കാലാവധി ദീർഘിപ്പിച്ച് നൽകിയ നടപടിക്ക് ക്ഷമതയുള്ള അധികാര കേന്ദ്രത്തിൽ നിന്ന് സാധൂകരണം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കാമെന്നും അറിയിച്ചു.

കാലാവധി ദീർഘിപ്പിച്ച് നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ നടപടിക്ക് ക്ഷമതയുള്ള അധികാരകേന്ദ്രത്തിൽ (Competent Authority) നിന്ന് സാധൂകരണം (Ratification) വാങ്ങി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. സാധൂകരണം ലഭ്യമാകുന്നില്ലാ യെങ്കിൽ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112-1 പ്രകാരമുള്ള പിഴ കരാറുകാരനിൽ ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 അംഗീകാരം ലഭിച്ചതിനനുസൃതമായി പദ്ധതി നടപ്പിലാക്കിയില്ല

പ്രോജക്റ്റ് നം. : 64/2015-16 (ഭൂമിവാങ്ങൽ(ജനറൽ))

അടങ്കൽ : 1,00,000/- (വികസനഫണ്ട് (ജനറൽ))

ചെലവ് : 1,00,000/- (ബിൽ നം.6/15-16 തീയതി.30-11-2015)

നിർവ്വഹണോദ്യോഗസ്ഥൻ : വി.ഇ.ഒ

സ്വന്തമായി വീടോ, ഭൂമിയോ ഇല്ലാത്ത സ്ത്രീ, ഗൃഹനാഥയായിട്ടുള്ള ഒരു ഗുണഭോക്താവിന് ഭവനനിർമ്മാണത്തിന് ഭൂമിവാങ്ങാൻ ധനസഹായം നൽകുന്നതിനാണ് പദ്ധതി പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ളത്. എന്നാൽ തങ്കപ്പൻ, വടക്കുവിരാലി, കാഞ്ഞിരംകുളം എന്ന ഗുണഭോക്താവിനാണ് ധനസഹായം നൽകിയിട്ടുള്ളത്. അംഗീകാരം ലഭിച്ചതിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയത് ക്രമവിരുദ്ധമാണ്. കൂടാതെ സർക്കുലർ നം.78573/ഡിബി1 /08/ത.സ്വ.ഭ.വ തീയതി.11-06-2009-പ്രകാരം ഭൂമി വാങ്ങുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ധനസഹായം നൽകുന്ന സംഗതികളിൽ ഭൂമിയുടെ ഉടമസ്ഥത 12 വർഷത്തേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കുമെന്നും, പ്രസ്തുത കാലയളവിൽ ഗുണഭോക്താവിന് ആ ഭൂമിയിൽ കൈവശാവകാശം മാത്രമേയുണ്ടായിരിക്കുകയുള്ളുവെന്നും ആധാരത്തിൽ വ്യവസ്ഥചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള വ്യവസ്ഥകളൊന്നു മില്ലാതെയാണ് ആധാരം രജിസ്റ്റർ ചെയ്തിരിക്കുന്നത്. പദ്ധതിനടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശം പൂർണ്ണമായും പാലിച്ചുകൊണ്ട് നടപ്പിലാക്കുവാൻ ശ്രദ്ധചെലുത്തേണ്ടതാണ്.

## 3-5 ഓട്ടോറിക്ഷ വാങ്ങാൻ സബ്സിഡി- രേഖകളുടെ അഭാവത്തിൽ 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം. : 67/2015-16 (എസ്.സി. യുവജനങ്ങൾക്ക് ഓട്ടോറിക്ഷ വിതരണം)

അടങ്കൽ : 4,50,000/- (വികസനഫണ്ട്(എസ്.സി.പി))

ചെലവ് : 4,00,000/- (ബിൽ നം.4/15-16 തീയതി.13-01-2016 തുക- 2,50,000/-
ബിൽ നം.7/15-16 തീയതി.30-01-2016 തുക- 1,50,000/-)

നിർവ്വഹണോദ്യോഗസ്ഥൻ : വി.ഇ.ഒ

എസ്.സി. വിഭാഗത്തിൽപ്പെട്ട 9 യുവജനങ്ങൾക്ക് ഓട്ടോവാങ്ങുന്നതിന് 50,000/- രൂപ വീതം ബാങ്ക് വായ്പബന്ധിത പദ്ധതിയായി സബ്സിഡി അനുവദിക്കുക യെന്നതാണ് പദ്ധതിലക്ഷ്യം. പദ്ധതിപ്രകാരം 8 ഗുണഭോക്താക്കൾക്കുള്ള സബ്സിഡി തുക മേൽ ബില്ലുകൾ പ്രകാരം കേരള ഗ്രാമീൺ ബാങ്ക്, നെല്ലിമൂട് ശാഖയിലേക്ക് നല്കിയിട്ടുണ്ട് (ഡി.ഡി. നം.011369 തീയതി.13-01-2016 (2,50,000/- രൂപ), 013004 തീയതി.01-02-2016(1,50,000/-)). എന്നാൽ ബാങ്ക് വായ്പ അനുവദിച്ചതിന്റെ രേഖകളോ, ബാങ്കിന്റെ സാക്ഷ്യപത്രമോ നിർവ്വഹണോദ്യോഗസ്ഥൻ സൂക്ഷിച്ചിട്ടില്ല. കൂടാതെ ധനസഹായം നൽകിയ 4 ഗുണഭോക്താക്കളുടെ ആർ.സി. ബുക്കിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത

ഉണഭോക്താക്കൾ ഓട്ടോവാങ്ങിയിട്ടു ണ്ടോയെന്നുള്ളത് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ആവശ്യമായ രേഖകളുടെ അഭാവത്തിൽ 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 അംഗനവാടി കുട്ടികൾക്ക് ടി.എച്ച്.ആർ.മിശ്രിതം (ന്യൂട്രിമിക്സ്) - ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല.

അംഗനവാടി കുട്ടികൾക്ക് നൽകുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ ഓരോ രണ്ട് മാസത്തിലൊരിക്കൽ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പ് വരുത്തണമെന്നും പരിശോധന നടത്തി ലഭിക്കുന്ന ലാബ് റിപ്പോർട്ടിൽ ന്യൂട്രിമിക്സിന് ഗുണനിലവാരമില്ലെങ്കിൽ ആയത് വാങ്ങിയതിനുള്ള വില ന്യൂട്രിമിക്സ് നൽകിയ സ്ഥാപനങ്ങൾക്ക് നൽകേണ്ടതില്ലെന്നും സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18/12/2010-ലെ ഐ.സി.ഡി.എസ്/ബി.3/312 നമ്പർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കാതെയാണ് വെങ്ങാനൂർ തനിമ ആന്റ് വിന്നർ കുടുംബശ്രീ യൂണിറ്റിൽ നിന്ന് അംഗനവാടി കുട്ടികൾക്ക് ന്യൂട്രിമിക്സ് വാങ്ങിയത്. ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 3-7 വാടകക്കെട്ടിടങ്ങളിലെ അംഗനവാടികൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന് കീഴിലെ 18 അംഗനവാടികളിൽ 8 അംഗനവാടികൾ ഇപ്പോഴും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തി അവയുടെ പ്രവർത്തനം സ്വന്തം കെട്ടിടങ്ങളിലാക്കുവാൻ ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. വാടക ക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികളെ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| ക്രമ നം. | അംഗനവാടി നം. | പ്രവർത്തിക്കുന്ന സ്ഥലം |
|---|---|---|
| 1 | 34 | മരപ്പാലം, പ്ലാവിള |
| 2 | 37 | കാന്തവിള കോളനി |
| 3 | 42 | നെല്ലിക്കാക്കുഴ |
| 4 | 43 | മേലേവിളാകം |
| 5 | 44 | കാക്കലംകാനം |
| 6 | 45 | മുഴക്കോൻകുന്ന് |
| 7 | 46 | ലൂർദ്ദ്പുരം |

## 3-8. മാവിള അംഗനവാടിയുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന് സമീപം പ്രവർത്തിക്കുന്ന മാവിള (നമ്പർ-32) അംഗനവാടിയുടെ നിലവിലെ ഭൗതിക സാഹചപര്യം മെച്ചപ്പെടുത്തേണ്ടത് അത്യന്താ പേക്ഷിതമാണ്. അംഗനവാടി കെട്ടിടത്തിന്റെ ചുറ്റിലും ചപ്പ് ചവറുകളും മറ്റ് പാഴ് വസ്തുക്കളും കൊണ്ട് നിറഞ്ഞിരിക്കുന്നു. അംഗനവാടിയും ഗ്രാമപഞ്ചായത്തിന് കീഴിലെ സിദ്ധമർമ്മ ആശുപത്രിയും ഒരേ കോമ്പൌണ്ടിൽ പ്രവർത്തിക്കുന്നതിനാൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്താൻ സാധിക്കില്ല. അംഗനവാടിയുടെ തൊട്ട് മുന്നിൽ സിദ്ധ ആശുപത്രിയുടെ ബാത്ത്റൂം, കക്കൂസ് എന്നിവയിൽ നിന്ന് മലിന ജലം ഒഴുകിയെത്തി വൃത്തിഹീനമാണ്. അതുപോലെ കെട്ടിടത്തിൽ മഴവെള്ളം കെട്ടിനിന്ന് ഉള്ളിലേക്ക് ചോർന്നൊലിക്കുന്നത് കെട്ടിടത്തിന്റെ നിലനിൽപ്പിനും ഭീഷണിയായിരിക്കുകയാണ്. ആയതിനാൽ കുട്ടികളുടെ സുരക്ഷക്കായി അംഗനവാടി കെട്ടിടത്തിന് ചുറ്റും ചുറ്റ്മതിൽ കെട്ടി കോമ്പൗണ്ട് തിരിക്കേണ്ടതും മറ്റ് മെയിന്റനൻസ് പണികൾ നടത്തി കെട്ടിടത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കേണ്ടതുമാണ്.

## 3-9 അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ

സർക്കാർ ഉത്തരവ് നം.144/2013/ത.സ്വ.ഭ.വ, തിയതി. 06-04-2013 പ്രകാരം ബഡ്സ് പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിച്ച് 6 മാസത്തിനകം സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ അംഗീകാരം വാങ്ങേണ്ടതാണ്.എന്നാൽ 19-03-2014 ൽ ഗ്രാമപഞ്ചായത്ത് ആരംഭിച്ച ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് നാളിതുവരെ സാമൂഹ്യനീതി വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. കൂടാതെ നിലവിൽ 20 അന്തേവാസികളുള്ള പ്രസ്തുത സ്ഥാപനത്തിന് വൃദ്ധസദനം എന്നാണ് ബോർഡ് സ്ഥാപിച്ചിട്ടുള്ളത്. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇതേവിഷയം പരാമർശിച്ചിട്ടുണ്ടെങ്കിലും അധികൃതർ മതിയായ പ്രാധാന്യം നൽകിയിട്ടില്ല. സ്ഥാപനത്തിന് സാമൂഹ്യക്ഷേമ വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കി സാർക്കാർ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 18-11-2016 ലെ 05 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അംഗീകാരം വാങ്ങുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഐ.സി.ഡി.എസ്.സൂപ്പർവൈസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-10 പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ 16,936/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | - S0015/16 |
| പ്രോജക്റ്റിന്റെ പേര് | - പി.എച്ച്.സി. ക്ക് മരുന്ന് വാങ്ങൽ |
| ചെലവ് തുക | - 75000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ നം. | - 10/15-16, തിയതി. 29-03-2016 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ഡി.ഡി.നം. | - 737332, തിയതി ലഭ്യമല്ല |

മേൽ പദ്ധതി പ്രകാരം പി.എച്ച്.സി-ക്ക് മരുന്ന് ലഭ്യമാക്കാൻ 75000/-രൂപയുടെ ഡി.ഡി. നെയ്യാറ്റിൻകര ജനറൽ ഹോസ്പിറ്റൽ കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസിക്ക് നൽകി. ഫാർമസിക്ക് നൽകിയ ഓർഡർ പ്രകാരം ആകെ 58064/-രൂപയുടെ മരുന്ന് മാത്രമാണ് നാളിതുവരെ പി.എച്ച്.സിക്ക് ലഭിച്ചിട്ടുള്ളത്. ഡി.ഡി യിലൂടെ മുഴവൻ തുകയും നൽകിയിട്ടും 2015-16 ലെ ഓർഡർ പ്രകാരമുള്ള മുഴവൻ മരുന്നും ഫാർമസി വിതരണം ചെയ്യുകയോ ആയത് താമസമില്ലാതെ ലഭ്യമാക്കുവാൻ പി.എച്ച്.സി-യോ യാതൊരു തുടർനടപടികളും സ്വീകരിച്ചിട്ടില്ല. പ്രസ്തുത വിഷയത്തിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ടുള്ള 18-11-2016 ലെ 04/16 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണെന്ന് ഫാർമസി അറിയിച്ചിട്ടുള്ളതായി പി.എച്ച്.സി-യിൽ

നിന്ന് മറുപടി ലഭിച്ചിട്ടുണ്ട്. പദ്ധതി ആരംഭിച്ച് 6 മാസത്തിലധികം കഴിഞ്ഞിട്ടും ഓർഡർ പ്രകാരമുള്ള മുഴവൻ മരുന്നും ലഭ്യമാക്കി പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. ആയതിനാൽ 16936/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. പ്രസ്തുത തുകയുടെ മരുന്ന് ലഭ്യമാക്കി ഓഡിറ്റ് തടസ്സം നീക്കേണ്ടതാണ്. അല്ലാത്ത പക്ഷം മേൽതുക നിർവ്വഹണോദ്യോഗസ്ഥയുടെ ബാദ്ധ്യതയായി പുനർനിർണ്ണയിക്കുന്നതായിരിക്കും.

## 3-11 ഉത്പാദന മേഖലയിൽ പദ്ധതികൾ കുറവ്

പഞ്ചായത്തിന്റെ Expenditure Report പരിശോധിച്ചതിൽ ഉത്പാദന മേഖലയിൽ പദ്ധതിൽ തുലോം കുറവാണെന്നു കാണുന്നു. കൃഷി ഓഫീസറുടെ വാഴകൃഷി, പച്ചക്കറി കൃഷി പ്രോജക്ടുകൾ മാത്രമാണ് ഈ മേഖലയിൽ എടുത്തു പറയാവുന്നവ. ബാക്കി നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾ കൂടുതലും സേവന മേഖലയിലുള്ളവരാണ്. ഓഡിറ്റ് വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കി ഗണ്യമായ തുക ചെലവാക്കിയിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് പേര് | നിർവ്വഹണ ഉദ്യോഗസ്ഥർ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | 138 | അംഗൻവാടിക്ക് ഫർണിച്ചർ വാങ്ങൽ | ICDS സൂപ്പർവൈസർ | 150000 | 133300 |
| 2 | 6 | ഗ്രാമ കേന്ദ്രങ്ങളിൽ ഫർണിച്ചർ വാങ്ങൽ | സെക്രട്ടറി | 139400 | 139400 |
| 3 | 82 | വനിതാ ക്യാനന്റീന് ഫർണിച്ചർ വാങ്ങൽ | സെക്രട്ടറി | 49995 | 49995 |
| 4 | 144 | ഗവ.എൽ.പി.എസ്-ന് ഫർണിച്ചർ വാങ്ങൽ | ഹെഡ്മിസ്ട്രസ് | 25300 | 23368 |
| 5 | 121 | അംഗൻവാടിക്ക് ഫർണിച്ചർ വാങ്ങൽ | ICDS സൂപ്പർവൈസർ | 50000 | 50000 |
| | | ആകെ | | | 396063 |

ഈ രീതിയിൽ ഒരേ തരത്തിലുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കാതെ പ്രയോജനകരമായ വൈവിധ്യമാർന്ന പ്രോജക്ടുകൾ ഉദ്പാദന മേഖലയിൽ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 വാട്ടർ ചാർജ് - പഞ്ചായത്തിന്റെയും ജല അതോറിറ്റിയുടെയും

## കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് നിലവിൽ 4/15 മുതൽ പ്രതിമാസം 63000/-രൂപ പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജായി അടച്ചുവരുന്നു. കൂടാതെ ചെക്ക് നം.736018 തീയതി.21.03.16 പ്രകാരം 923326/-രൂപ വെള്ളക്കര കുടിശ്ശികയായി അടച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ രജിസ്റ്റർ പ്രകാരം 2014-15 വർഷാവസാനം കുടിശ്ശിക 1217326/-രൂപയാണ്. മേല്പറഞ്ഞ 923326/-രൂപ അടച്ചതിനുശേഷം തൻവർഷം കുടിശ്ശിക 294000/-രൂപയാണ്.

കേരള വാട്ടർ അതോറിറ്റിയും പഞ്ചായത്തുമായി സഹകരിച്ച് 3/11 മുതൽ 5/11 വരെ സംയുക്ത പരിശോധന നടത്തി. ടി റിപ്പോർട്ട് പ്രകാരം പൊതുടാപ്പുകളുടെ എണ്ണം 122 ആണ്. എന്നാൽ ജല അതോറിറ്റി 5/11 മുതൽ 4/12 വരെ 206 ടാപ്പിന്റെ വെള്ളക്കരം ഈടാക്കിയിട്ടുണ്ട്. ഈ വിധത്തിൽ അധികമായി ഈടാക്കിയ 29400/-രൂപ പരിഗണിച്ചാൽ 2015-16 വർഷാവസാനം വെള്ളക്കര കുടിശ്ശിക അടച്ചുതീർന്നതായി പഞ്ചായത്ത് രജിസ്റ്ററിൽ കാണുന്നു. എന്നാൽ ജല അതോറിറ്റിയുടെ 18.03.2015-ലെ KWA/WUSD/AB3/1895/05/Vol-W നമ്പർ കത്ത് പ്രകാരം ഈടാക്കാൻ അവശേഷിക്കുന്ന കുടിശ്ശിക 4239720/-രൂപയാണ്. പഞ്ചായത്തിന്റെ 3/08 വരെയുള്ള വെള്ളക്കര കുടിശ്ശിക സെറ്റിൽമെന്റ് പ്രകാരം ഒടുക്കേണ്ട തുക 12277543/-രൂപയാണെന്ന് പ്രസ്തുത കത്തിൽ പറയുന്നു. പഞ്ചായത്തിന്റെയും KWA-യുടെ കണക്കുകളിലെ പൊരുത്തക്കേട് ചുവടെ പട്ടികയായി ചേർക്കുന്നു.

| *പഞ്ചായത്തിലെ രജിസ്റ്റർ പ്രകാരം* | *KWA കത്ത് പ്രകാരം* | *വ്യത്യാസം* |
|---|---|---|
| സെറ്റിൽമെന്റ് തുക - 12210864 | സെറ്റിൽമെന്റ് തുക - 12277543 | 66679 |
| 2009-10 ആകെ - 1491100 | 2009-10 ആകെ - 1491100 | 0 |
| 2010-11 ആകെ - 2734050 | 2010-11 ആകെ - 2418833 | 315217 |
| 2011-12 ആകെ - 2809390 | 2011-12 ആകെ - 2809390 | 0 |
| 2012-13 ആകെ - 1614154 | 2012-13 ആകെ - 1318500 | 295654 |
| 2013-14 ആകെ - 361167 | രേഖപ്പെടുത്തിയില്ല | 361167 |
| 2014-15 ആകെ - 1983677 | - ഇല്ല - | 1983677 |
| 2015-16 ആകെ - 923326 | - ഇല്ല - | 923326 |

വെള്ളക്കര കുടിശ്ശിക സംബന്ധിച്ചും പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ചും പഞ്ചായത്തും, KWA-യും സൂക്ഷിക്കുന്ന കണക്കുകൾ തമ്മിലുള്ള പൊരുത്തക്കേട് തീർപ്പാക്കൻ സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 കാഞ്ഞിരംകുളം ഗവ.ആയുർവേദ മർമ്മാശുപത്രി പ്രവർത്തനം - ശ്ലാഘനീയം

1979-ൽ 10 കിടക്കകളോട് കൂടി പ്രവർത്തനം ആരംഭിച്ച ഗവ.ആയുർവേദ മർമ്മാശുപത്രി ഇന്ത്യയിലെ തന്നെ ഏക മർമ്മാശുപത്രിയാണ്. സ്പോർട്സ് ആയുർവേദ ചികിത്സയാണ് ഈ ആശുപത്രിയുടെ പ്രത്യേകത. ദിവസവും 100-നും 150-നും ഇടയ്ക്ക് രോഗികൾ ഒ.പി-യിൽ ചികിത്സയ്ക്കായി എത്തുന്ന പ്രസ്തുത സ്ഥാപനത്തിൽ 80-ൽപ്പരം

കിടക്കരോഗികൾ ഓഡിറ്റ് ടീമിന്റെ സന്ദർശന സമയത്ത് ഉണ്ട്. എന്നാൽ ഇപ്പോഴും 10 കിടക്കകൾക്കുള്ള അടിസ്ഥാന സൗകര്യങ്ങളും ജീവനക്കാരും മാത്രമേ കിടപ്പുരോഗി വിഭാഗത്തിൽ ഉള്ളൂ. 14.11.16-ലെ പഞ്ചായത്തു കമ്മിറ്റി മീറ്റിംഗിലെ 19-ാം നമ്പർ തീരുമാനം പ്രകാരം പ്രസ്തുത ആശുപത്രിയെ 100 കിടക്കകളുള്ള ആശുപത്രിയാക്കി ഉയർത്താൻ സർക്കാരുമായും മറ്റു ത്രിതല പഞ്ചായത്തുകളുമായും സഹകരിച്ചു പ്രവർത്തനം നടത്താൻ നടപടി സ്വീകരിക്കുമെന്ന് തീരുമാനിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 ഗ്രാമകേന്ദ്രം - അടിസ്ഥാന സൗകര്യങ്ങൾ ഇല്ല.

ഓഡിറ്റ് ടീം 19.11.16-ന് പഞ്ചായത്തിന്റെ നെല്ലിക്കാക്കുഴി വാർഡിലെ ഗ്രാമകേന്ദ്രം സന്ദർശിച്ചു. മൃഗാശുപത്രി കെട്ടിടത്തിന്റെ തുറന്ന പോർച്ചിൽ ഒരു ബോർഡുമാത്രമാണ് അവിടെ കണ്ടത്. പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ 1 മേശയും 16 കസേരകളും മൃഗാശുപത്രിക്കുള്ളിൽ അടുക്കിവച്ചിട്ടുള്ളതായി കണ്ടു. പഞ്ചായത്തിന്റെ മറ്റ് ഗ്രാമകേന്ദ്രങ്ങൾ തൃപ്തികരമായ ചുറ്റുപാടുകളിൽ പ്രവർത്തിച്ചുവരുന്നു. ടി കേന്ദ്രം കൂടുതൽ മെച്ചപ്പെട്ട കെട്ടിടത്തിലേയ്ക്ക് മാറ്റി ശരിയായ രീതിയിൽ പ്രവർത്തിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 തെരുവ് വിളക്ക് വാങ്ങൽ - വിളക്കുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയിൽ വ്യവസ്ഥയില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം. 140 ആയി 281108/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം വാങ്ങിയ തെരുവ് വിളക്കുകൾ പ്രസ്തുത പദ്ധതി പ്രകാരം വാങ്ങിയ തെരുവുവിളക്കുകൾ സ്റ്റോക്കിൽ എടുത്തിട്ടുണ്ട്. എന്നാൽ വിളക്കുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി-യ്ക്ക് സൂപ്പർവിഷൻ ചാർജ്, ഇൻസുലേഷൻ ചാർജ് എന്നിവ നൽകിയതായി രേഖയില്ല. തെരുവ് വിളക്കിന്റെ അറ്റകുറ്റപ്പണിയ്ക്ക് തൻവർഷം കെ.എസ്.ഇ.ബി-യ്ക്കോ സ്വകാര്യ കോൺട്രാക്ടർക്കോ കരാർ നൽകിയിട്ടുമില്ല. തെരുവുവിളക്കുകൾ വാർഡ് മെമ്പർമാർ സ്വന്തം നിലയ്ക്ക് സ്വന്തം ചെലവിൽ സ്ഥാപിച്ചു എന്നാണ് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുള്ളത്. അതിനാൽ തെരുവ് വിളക്ക് സ്ഥാപിച്ചതായി ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. തെരുവ് വിളക്ക് സ്ഥാപിച്ചത് സംബന്ധിച്ച് കെ.എസ്.ഇ.ബി-യുടെ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 281108/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. (ഡി.ഡി.നം.736720/26.03.16 പ്ലാൻഫണ്ട് തുക – 272960 + ഡി.ഡി.നം.736718/ 28.03.16 ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക – 8148)

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | സ്ഥാപനം തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | ജി.ഒ.നം.273/ 2010/ത.സ്വ. ഭ.വ തീയതി. 27-01-2010 | 9067500 | 3552000 | 2216442 | | 1335558 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8. ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53279016 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49229757 |
| വരവിനങ്ങളിലുള്ള നഷ്ടം | 1780 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 16434 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 200000 |

*(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5(C) | 1,780/- | | ശ്രീ.സി.സുഗതൻ, സെക്രട്ടറി |
| 3-1 | * | 16,434/- | 1. ശ്രീ.കെ.ഭാസ്കരൻ, അസിസ്റ്റന്റ് എഞ്ചിനീയർ (KSEB Rtd). കൺസൾട്ടന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), ജില്ലാപഞ്ചായത്ത്, തിരുവനന്തപുരം.<br>2. ശ്രീ.എസ്.രഘുനാഥൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ (KSEB Rtd). കൺസൾട്ടന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), ജില്ലാപഞ്ചായത്ത്, തിരുവനന്തപുരം. |
| ആകെ | 1,780/- | 16,434/- | |

*(സി) <u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 2,00,000/- | ശ്രീമതി.സെലീന, എൽ.വി.ഇ.ഒ |
| ആകെ | 2,00,000/- | |

*(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(എച്ച്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സി.സുഗതൻ, സെക്രട്ടറി | ശ്രീ.സി.സുഗതൻ, സെക്രട്ടറി, കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് | ശ്രുതി, കിടാരക്കുഴി, ഉച്ചക്കട.പി.ഒ. |
| ശ്രീ.കെ.ഭാസ്കരൻ, അസിസ്റ്റന്റ് എഞ്ചിനീയർ(KSEB Rtd) കൺസൾട്ടന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ),ജില്ലാപഞ്ചായത്ത്, തിരുവനന്തപുരം | കൺസൾട്ടന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), ജില്ലാപഞ്ചായത്ത്, തിരുവനന്തപുരം | |
| ശ്രീ.എസ്.രഘുരാമൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ (KSEB Rtd) കൺസൾട്ടന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), ജില്ലാപഞ്ചായത്ത്, തിരുവനന്തപുരം | കൺസൾട്ടന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), ജില്ലാപഞ്ചായത്ത്, തിരുവനന്തപുരം | |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി.1/തീയതി.22.7.2010 | 14 | |
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.1/തീയതി.22.8.2008 | 2 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.1/തീയതി.16.7.2008 | 3 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.1/തീയതി.18.8.2009 | 14 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.3/1674/08/ തീയതി.16.01.2010 | 6 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.3/1675/08/ തീയതി.10.08.2010 | 4 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.3/309/10/ തീയതി.23.04.2011 | 5 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.3/2275/11/ തീയതി.23.11.2011 | 3 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.3/2276/11/ തീയതി.11.12.2012 | 4 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.3 തീയതി.21.04.2013 | 6 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.3/589/14/ തീയതി.26.04.2014 | 11 | |

| | | | |
|---|---|---|---|
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.3/1488/14 തീയതി.27.10.2014 | 9 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി-3/39/15 തീയതി.19.12.2015 | 16 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി-3/1087/16 തീയതി.30.07.2016 | 9 | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,

സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 1

## അനുബന്ധം - 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ചുവടെ ചേർക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു

എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

- മെയിന്റനൻസ് (റോഡ്), മെയിന്റനൻസ് (നോൺ-റോഡ്), എം.എൻ.ആർ.ഇ. ജി.എസ് (EFMS) ഫണ്ടിനങ്ങളുടെ വരവ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു
- വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി.), CFC, KLGSDP, മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നീ ഫണ്ടുകളുടെ നീക്കിയിരിപ്പ് ട്രഷറി റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.
- ആസ്തികളുടെ മൂല്യം നിർണ്ണയിച്ചിട്ടില്ല

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്